14. പുഷ്പവല്ലി, ചരുവിള പുത്തൻവീട്, ഉളിയനാട്

15. രമണി. എസ്., പ്രകാശ് മന്ദിരം, പാണിയിൽ, ചാത്തന്നൂർ

16. ഷീല.എസ്., കന്നേറ്റപുത്തൻവീട്, കാരംകോട്

17. സിന്ധു. എൻ , സുജാഭവനം, ഒഴകുപാറ, പോളച്ചിറ

18. ശിവകുമാരി, കല്ലഴിവിളവീട്, പൂതക്കുളം

19. സുധർമ്മ., ആർ., അശ്വതി നിവാസ്, ഇടവട്ടം, ചിറക്കര

20. സുധർമ്മിണി, എസ്.എസ്. മന്ദിരം, താഴംതെക്ക്, ചാത്തന്നൂർ

21. സുജാത. റ്റി., കുഴിപ്പിൽ ചരുവിളവീട്, ഒഴകുപാറ

22. തങ്കമണി. ആർ., ചരുവിളവീട്, ചിറക്കരത്താഴം

23. ഇളസീധരൻ, സന്തോഷ്ഭവൻ, ഒഴകുപാറ

(ഡി) മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് അനുവദിച്ച ഭൂമിയുമായി ബന്ധപ്പെട്ട് കൊല്ലം സബ്കോടതി മുമ്പാകെ ഒ.എസ്.16/14-ാം നമ്പർ കേസ് നിലവിലുണ്ട്. കേസ് സർക്കാരിന് [illegible] വിധി ഉണ്ടാകുന്നതിനുവേണ്ടിയുള്ള നിയമ നടപടികൾ സ്വീകരിക്കുവാൻ ജില്ലാ ഗവൺമെന്റ് പ്ലീഡർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കേസ്സിന്റെ അന്തിമ വിധി ലഭിക്കുന്നതനുസരിച്ച് ഭൂമി വിതരണം ചെയ്യുന്നതാണ്.

ചാത്തമംഗലം ഈഗ്ൾ പ്ലാന്റേഷൻ കോളനിയിലെ താമസക്കാർക്ക് പട്ടയം

124 (1160) ശ്രീ. പി. ടി. എ റഹീം : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ഈഗ്ൾ പ്ലാന്റേഷൻ കോളനിയിലെ താമസക്കാർക്ക് പട്ടയം നൽകുന്നതിന് അർഹതപ്പെട്ടവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ലിസ്റ്റിന്റെ കോപ്പി ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈഗ്ൾ പ്ലാന്റേഷൻ കോളനിയിലെ താമസക്കാർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് 64 പേരെ നേരത്തെ വിചാരണ ചെയ്തതിൽ അർഹരെന്ന് കണ്ടെത്തിയവർക്കും വിചാരണയ്ക്ക് ഹാജരാകാത്ത എന്നാൽ ലഭ്യമായ രേഖയുടെ അടിസ്ഥാനത്തിൽ അർഹരാകാൻ സാദ്ധ്യതയുള്ള 3 പേരുൾപ്പെടെ 67 പേർക്ക് മുൻഗണന നൽകി പട്ടയം നൽകുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 67 പേരുടെയും അപേക്ഷ സാധുവാണെന്ന് കണ്ടെത്തുന്ന മുറയ്ക്ക് പട്ടയം നൽകാനും അർഹരല്ലാത്തവരുണ്ടെങ്കിൽ അവരെ ഒഴിവാക്കി മറ്റ് അപേക്ഷകരിൽ നിന്നും അർഹരെ കണ്ടെത്തി പട്ടയം നൽകാനും തീരുമാനിച്ചിട്ടുണ്ട്. അർഹതപ്പെട്ടവരുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

ഭൂരഹിതരില്ലാത്ത കേരളം പരിപാടി

125 (1161) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പരിപാടി സംസ്ഥാനത്ത് സമ്പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ :

(ബി) ഈ പരിപാടിയനുസരിച്ച് ഭൂമി ലഭിക്കുന്നതിനുവേണ്ടി ആകെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര പേർക്ക് ഇതേവരെ ഭൂമി അനുവദിച്ചുവെന്നും ജില്ല തിരിച്ച് അറിയിക്കാമോ ;

(സി) ഭൂരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽനിന്ന് എത്ര അപേക്ഷ ലഭിച്ചുവെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ഡി) ഭൂമി ലഭിക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചവരിൽ എത്ര പേർക്ക് ഇനി ഭൂമി അനുവദിക്കുവാനുണ്ടെന്ന് അറിയിക്കാമോ ;

(ഇ) അപേക്ഷകർക്ക് അനുവദിച്ച ഭൂമിയെ സംബന്ധിച്ച് വ്യാപകമായ പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ അപ്രകാരം പരാതി നൽകുവാനുണ്ടായ സാഹചര്യവും പരാതി പരിഹരിക്കുവാൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ ;

(ജി) അപേക്ഷിച്ചവർക്ക് പൂർണ്ണമായും എപ്പോൾ ഭൂമി വിതരണം ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly